**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4608** **10-08-2021 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ ബസ് തൊഴിലാളി ക്ഷേമനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്വകാര്യ ബസ് തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ടേബിൾ 1 കാറ്റഗറി വിഭാഗത്തിൽ സ്വകാര്യ ബസ് തൊഴിലാളികൾക്ക് അംഗത്വം എടുക്കാവുന്നതാണ്. |
| (ബി) | എങ്കിൽ എപ്പോഴാണ് ഏർപ്പെടുത്തിയതെന്നും ഈ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവർ ഇപ്പോൾ എത്രയാണെന്നും വ്യക്തമാക്കാമോ; | (ബി) | 1985-ൽ കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി നിലവിൽ വരുകയും 2005-ൽ ഈ പദ്ധതി പരിഷ്കരിച്ചിട്ടുള്ളതുമാണ്. പദ്ധതിയിൽ 4 കാറ്റഗറിയിലുമായി 2021 ജൂൺ മാസം വരെ ആകെ അംഗങ്ങളായിട്ടുള്ളത് 10,12,878 പേർ ആണ്. ഇവയിൽ ടേബിൾ Iകാറ്റഗറിയിൽ പെട്ട സ്റ്റേജ് കാര്യേജ് (ബസ്), കോൺട്രാക്ട് കാര്യേജ് (ടൂറിസ്റ്റ് ബസ്) എന്നിവയിൽ അംഗങ്ങളായിട്ടുള്ളത് 38,590 പേർ ആണ്. |
| (സി) | പ്രസ്തുത ക്ഷേമനിധിയിൽ ഇപ്പോൾ എത്ര രൂപ നിക്ഷേപമായിട്ടുണ്ടെന്നും നാളിതുവരെ തൊഴിലാളികൾക്ക് എത്ര തുക നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (സി) | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിലവിലുള്ള ആകെ നിക്ഷേപം 3015,82,62,174 ( മൂവായിരത്തി പതിനഞ്ച് കോടി എൺപത്തിരണ്ടു ലക്ഷത്തി അറുപത്തിരണ്ടായിരത്തി നൂറ്റി ഏഴുപത്തിനാല് രൂപ ) ആണ്. 2020-21 സാമ്പത്തിക വർഷത്തിൽ തൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിലേക്കായി 31,79,65,570/-രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | ലോക്ഡൗൺ കാലത്ത് ക്ഷേമനിധിയിൽ നിന്ന് തൊഴിലാളികൾക്ക് നൽകിയ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ഡി) | കോവിഡ്-19 മഹാമാരിയെ തുടർന്ന് എർപ്പെടുത്തിയ അനിവാര്യമായ ലോക്ഡൗൺ മൂലം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ട കേരളത്തിലെ മോട്ടോർ തൊഴിലാളികൾക്ക് സമാശ്വാസം എന്ന നിലയിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും നിരവധി ധനസഹായങ്ങൾ അനുവദിച്ച് നൽകിയിരുന്നു. 2020-ൽ ആദ്യ ഘട്ടത്തിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ ടേബിൾ Iവിഭാഗത്തിലെ സ്റ്റേജ് |

| | | | | |
|---|---|---|---|---|
| | | | | കാര്യേജ്, കോൺട്രാക്ട് കാര്യേജ് വാഹനങ്ങളിലെ തൊഴിലാളികൾക്ക് 5000/-രൂപ വീതവും ടേബിൾ II വിഭാഗത്തിൽപ്പെട്ട ഗുഡ്സ് വാഹനത്തിലെ തൊഴിലാളികൾക്ക് 3500/- രൂപ വീതവും ടേബിൾ III വിഭാഗത്തിൽപ്പെട്ട ടാക്സികാർ, ഒമ്നിവാൻ എന്നിവയിലെ തൊഴിലാളികൾക്ക് 2500/- രൂപ വീതവും ടേബിൾ IV വിഭാഗത്തിൽപ്പെട്ട ആട്ടോറിക്ഷാ, ട്രാക്ടർ തൊഴിലാളികൾക്ക് 2000/- രൂപ വീതവും ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിച്ചിരുന്നു. തുടർന്ന് എല്ലാ വിഭാഗം തൊഴിലാളികൾക്കും രണ്ടാംഘട്ട ധനസഹായമെന്ന നിലയിൽ 1000/- രൂപ വീതവും, മൂന്നാം ഘട്ട ധനസഹായമെന്ന നിലയിൽ 1000/- രൂപ വീതവും ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും അടിയന്തര ധനസഹായമായി അനുവദിച്ച് നൽകിയിരുന്നു. ഇത്തരത്തിൽ മോട്ടോർ തൊഴിലാളികളെ മുഴുവനായി പരിഗണിക്കുമ്പോൾ ഈ കാലയളവിൽ ആനുകൂല്യവും പെൻഷനും ഇനത്തിൽ തൊഴിലാളികൾക്ക് 40,37,42,886/-(നാൽപത് കോടി മുപ്പത്തിയേഴ് ലക്ഷത്തി നാൽപത്തി രണ്ടായിരത്തി എണ്ണൂറ്റി എൺപത്തി ആറ്) രൂപയും കോവിഡ് ധനസഹായമായി മൂന്ന് ഘട്ടങ്ങളിലായി 51,56,27,500/-(അൻപത്തി ഒന്ന് കോടി അൻപത്തി ആറ് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി അഞ്ഞൂറ്) രൂപയും ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയിരുന്നു. കൂടാതെ സ്വകാര്യ മോട്ടോർ മേഖലയിൽ ജോലി ചെയ്യുന്നതും നിലവിൽ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തതുമായ സ്കാറ്റേർഡ് വർക്കേഴ്സ്, പാസ്സഞ്ചർ ഗൈഡുകൾ, ഡ്രൈവിംഗ് സ്കൂൾ ജീവനക്കാർ എന്നീ വിഭാഗങ്ങളിലെ ജീവനക്കാർക്കും കോവിഡ് ധനസഹായമായി 1000/- രൂപ അനുവദിച്ചിട്ടുള്ളതാണ്. അതോടൊപ്പം മേൽ പദ്ധതികളിൽ അംഗങ്ങളായ തൊഴിലാളികൾക്ക് 2020 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിലെ ഉടമാ തൊഴിലാളി അംശാദായം (ഏകദേശം 300 കോടി രൂപ) സർക്കാർ ഉത്തരവുകൾ പ്രകാരം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴിവാക്കി നൽകിയിട്ടുണ്ട്. പദ്ധതികളിൽ അംഗങ്ങളായ തൊഴിലാളികൾക്ക് നാലാംഘട്ട ധനസഹായമായി 1000/-രൂപ വീതം അനുവദിക്കുന്നതിനുള്ള ബോർഡിന്റെ ശുപാർശ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ